**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4186** **18-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. മുഖേന ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്താനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കോവിഡ് പ്രതിസന്ധി രൂക്ഷമായിരുന്ന സമയത്ത് ഒട്ടേറെ ജനോപകാരപ്രദമായ പദ്ധതികൾ കെ.എസ്.എഫ്.ഇ. നടപ്പിലാക്കുകയുണ്ടായി.<br><br>(1). സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഓൺലൈൻ വിദ്യാസഹായി പദ്ധതി 22.06.2020 ന് നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം അങ്കണവാടി തുടങ്ങിയ അയൽപക്ക കേന്ദ്രങ്ങളിൽ ടെലിവിഷനുകൾ സ്ഥാപിക്കുന്നതിന് പരമാവധി 10,000 രൂപ വീതം നൽകി. ഇത്തരത്തിൽ 5980 ടെലിവിഷനുകൾ സ്ഥാപിച്ചു നൽകാനായി.<br><br>(2). കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് 2020 മാർച്ച് 1 ന് ശേഷം കേരളത്തിൽ തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് 3% പലിശ നിരക്കിൽ 1 ലക്ഷം രൂപ വരെയും പ്രവാസി ചിട്ടി വരിക്കാർക്ക് 1.50 ലക്ഷം രൂപയും വായ്പ നൽകുന്ന പ്രവാസി സൗഹൃദ സ്വർണ്ണപ്പണയ വായ്പ പദ്ധതി 21.05.2020 മുതൽ നടപ്പിലാക്കി.<br><br>(3). ഇതിനോടൊപ്പം കേരളത്തിനു പുറത്തു ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ താമസിച്ചിരുന്ന തിരിച്ചെത്തിയ പ്രവാസികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ 1 ലക്ഷം രൂപവരെയുള്ള സ്വർണ്ണപ്പണയ വായ്പ 3% പലിശയിൽ ലഭ്യമാവുന്ന പ്രവാസി മിത്രം സ്വർണ്ണപ്പണയ വായ്പാ പദ്ധതിയും 2020 ൽ നടപ്പിലാക്കുകയുണ്ടായി.<br><br>(4).കോവിഡ് വ്യാപനം രൂക്ഷമായ തിനാൽ ഇടപാടുകാരുടെ സൗകര്യാർത്ഥം 2020 ഏപ്രിൽ, മെയ് മാസങ്ങളിലും 2021 മെയ്, ജൂൺ മാസങ്ങളിലും ചിട്ടി ലേലം മാറ്റി വെച്ചു. |

(5).ഇതു കൂടാതെ സാധാരണ സ്വർണ്ണപ്പണയ വായ്പയുടെയും പലിശ നിരക്ക് പല ഘട്ടങ്ങളിലായി കുറയ്ക്കുകയുണ്ടായി (ഇപ്പോൾ 5% മുതൽ 8.9% വരെയാണ് സ്വർണ്ണപ്പണയ വായ്പയ്ക്കുള്ള വാർഷിക പലിശ).

(6).ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് ലഭ്യമാക്കുന്നതിനായി വിദ്യാശ്രീ പദ്ധതി 2020 ൽ നടപ്പിലാക്കി. 8575 ലാപ് ടോപ്പുകളാണ് ഈ പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങൾക്ക് നൽകിയത്. പ്രതിമാസം 500 രൂപ വെച്ച് 30/36 മാസങ്ങൾ കൊണ്ടാണ് ലാപ് ടോപ്പ് തുക തിരിച്ചടയ്ക്കേണ്ടത്. 1446 പേർക്ക് പൊതുവിപണിയിൽ നിന്നും ലാപ് ടോപ്പ്/ ടാബ് വാങ്ങുന്നതിന് 20,000/- രൂപയിൽ കവിയാത്ത വായ്പയും ഈ പദ്ധതി പ്രകാരം നൽകി.

(7).കോവിഡ് രോഗത്തിന് ഇരയായ വരെയും കുടുംബാംഗങ്ങളെയും സഹായിക്കുന്നതിന് 5% വാർഷിക പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെ സൗഖ്യ സ്വർണ്ണപ്പണയ വായ്പാ പദ്ധതി 2021 മെയ് മാസത്തിൽ നടപ്പിലാക്കുകയുണ്ടായി. 1564 പേർക്ക് ഈ വായ്പ നൽകുകയുണ്ടായി

(8). കോവിഡ് പശ്ചാത്തലത്തിൽ 21.03.2020 മുതൽ 23.10.2021 വരെ ചിട്ടികളുടെ തവണ സംഖ്യയുടെ പിഴ പലിശ ഒഴിവാക്കുകയും അവയ്ക്ക് ഡിവിഡന്റ് അനുവദിക്കുകയും ചെയ്തു.

(9). സ്വർണ്ണപ്പണയ വായ്പ ഒഴികെയുള്ള വായ്പാ പദ്ധതികളുടെ പിഴ പലിശയും 23.10.2021 വരെ ഒഴിവാക്കുകയുണ്ടായി.

(10). ഭാരതീയ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച മൊറോട്ടോറിയം കെ.എസ്.എഫ്.ഇ. യിലും നടപ്പിലാക്കി. 2020 മാർച്ച് 1 മുതൽ 2020 മെയ് 31 വരെയായിരുന്നു മോറട്ടോറിയത്തിന്റെ കാലാവധി.

(11). ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതികളായ ആശ്വാസ് 2020, ആശ്വാസ് 2021 പദ്ധതികളിലൂടെ RR അക്കൗണ്ടുകൾക്ക് 01.07.2020 മുതൽ 31.03.2022 വരെയും NON RR അക്കൗണ്ടുകൾക്ക് 01.10.2020 മുതൽ 31.03.2022 വരെയും കുടിശ്ശിക തീർക്കുന്നതിനായി ചിട്ടി/ വായ്പാ വരിക്കാർക്ക് പലിശയിളവ് നൽകുകയുണ്ടായി.

(12). പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ മലയാളികൾക്ക് നാട്ടിൽ സ്വയം

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ തുടങ്ങുവാനുള്ള PBMS വായ്പാ പദ്ധതി 25.10.2021 മുതൽ പ്രാബല്യത്തിൽ ഉണ്ട്. ഈ പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെ 9% വായ്പാ നിരക്കിൽ നൽകുന്നുണ്ട്. അതിൽ 1 ലക്ഷം രൂപ വരെ സർക്കാരിന്റെ മൂലധന സബ്സിഡിയും 3% വരെ പലിശ സബ്സിഡിയും നൽകുന്നുണ്ട് (അതായത് 6% പലിശ അടച്ചാൽ മതി). ഈ പദ്ധതിയിൽ 08.07.2022 വരെ 3947 പേർക്ക് (186.76 കോടി രൂപ) സ്വയം തൊഴിൽ വായ്പകൾ കെ.എസ്.എഫ്.ഇ. നൽകി. 30.09.2022 വരെയാണ് ഈ പദ്ധതിയുടെ കാലാവധി.<br><br>(13). സ്ത്രീകളുടെ പെട്ടെന്നുള്ള സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് 25,000/- രൂപ വരെ 5% നിരക്കിൽ ലഭ്യമാവുന്ന അജയ്യ സ്വർണ്ണപ്പണയ വായ്പ 14.01.2022 മുതൽ നിലവിലുണ്ട്.<br><br>(14). കഴിഞ്ഞ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലത്ത് 20 കോടി രൂപ CSR ഫണ്ട് ഇനത്തിൽ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുണ്ട്. (ഗവൺമെന്റ് ആശുപത്രികൾക്കും പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്കുമടക്കം നിരവധി ആംബുലൻസുകൾ നൽകി. വിവിധ ഗവൺമെന്റ് ആശുപത്രികളിലും സഹകരണ ആശുപത്രികളിലും മെഡിക്കൽ ലാബുകൾ സജ്ജീകരിച്ചു. ആദിവാസി വിദ്യാർത്ഥികൾക്കു വേണ്ടി ഹോസ്റ്റൽ നിർമ്മാണത്തിനുള്ള ധനസഹായം നൽകി. ഗവ.സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യ ത്തിനായി ബസ്സ് സംഭാവന നൽകി).<br><br>(15). 2020-21 സാമ്പത്തിക വർഷത്തിൽ 47 പുതിയ ശാഖകളും 2021-22 സാമ്പത്തിക വർഷത്തിൽ 12 പുതിയ ശാഖകളും പ്രവർത്തനം ആരംഭിച്ചു.<br><br>(16). കഴിഞ്ഞ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലത്ത് 3980 പേർക്ക് PSC വഴി പുതിയതായി നിയമന ഉത്തരവ് നൽകുകയും 2724 പേരെ നിയമിക്കുകയും ചെയ്തു. എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് വഴി 274 പേർക്ക് നിയമനം നൽകി. |
| (ബി) | 2015-16 കാലഘട്ടത്തിൽ കെ.എസ്.എഫ്.ഇ.യുടെ ടേൺ ഓവർ എത്രയായിരുന്നുവെന്നും നിലവിൽ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | 2015-16 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇയുടെ ടേൺ ഓവർ 28,960 കോടി രൂപയായിരുന്നു. നിലവിൽ കെ.എസ്.എഫ്.ഇ. യുടെ ടേൺ ഓവർ 62,000 കോടി രൂപയാണ്. |
| | | | |

| | | | |
|---|---|---|---|
| (സി) | കോവിഡ് പ്രതിസന്ധി മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളെ സംരക്ഷിക്കാനായി കെ.എസ്.എഫ്.ഇ. നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (സി) | പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് തിരിച്ചെത്തി ഇവിടെ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവരെ സഹായിക്കാനായി നോർക്ക റൂട്ട്സുമായി ചേർന്ന് പ്രവാസി ഭദ്രത മൈക്രോ സ്കീം (PBMS) എന്ന വായ്പാ പദ്ധതി 25.10.2021 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. പരമാവധി 5 ലക്ഷം രൂപയാണ് ഇതിലൂടെ വായ്പയായി നൽകുന്നത്. പലിശയിൽ സബ്സിഡി 3% കഴിച്ച് 6% നിരക്കിലാണ് വായ്പ നൽകുന്നത്. പദ്ധതിയ്ക്ക് വായ്പാ തുകയുടെ 25% പരമാവധി 1 ലക്ഷം രൂപ വരെയുള്ള സബ്സിഡി മുതലിലും നൽകുന്നുണ്ട്. സബ്സിഡി വഹിക്കുന്നത് നോർക്ക റൂട്ട്സ് വഴി സംസ്ഥാന സർക്കാരാണ്. |
| (ഡി) | കെ.എസ്.എഫ്.ഇ. ചിട്ടികൾക്കും പ്രവാസി ചിട്ടികൾക്കും കഴിഞ്ഞ സർക്കാരും ഈ സർക്കാരും നൽകി വരുന്ന പരിരക്ഷകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | Chit Fund Act 1982 പ്രകാരമാണ് കെ.എസ്.എഫ്.ഇ. ചിട്ടികളും പ്രവാസിചിട്ടികളും നടത്തുന്നത്. അതു പ്രകാരമുള്ള എല്ലാ പരിരക്ഷകളും ഈ ചിട്ടികൾക്ക് ലഭിക്കുന്നുണ്ട്. ചിട്ടി രജിസ്റ്റർ ചെയ്യുന്നത് സംസ്ഥാന രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലാണ്. പ്രവാസി ചിട്ടിയ്ക്കായി പ്രത്യേക രജിസ്ട്രേഷൻ സൗകര്യം സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക പിരിക്കുന്നതിനായി 10 സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർമാരെയും സർക്കാർ നൽകിയിട്ടുണ്ട്. അവരുടെ ചെലവുകൾ കെ.എസ്.എഫ്.ഇ. തന്നെയാണ് വഹിക്കുന്നത്. പ്രവാസി ചിട്ടിയിൽ ചേരുന്ന പ്രവാസികളുടെ പ്രവാസി ക്ഷേമനിധിയിലേയ്ക്കുള്ള പ്രതിമാസ പ്രീമിയം കെ.എസ്.എഫ്.ഇ. യാണ് വഹിക്കുന്നത്. പ്രതിമാസ ചിട്ടിയിൽ ചേർന്ന് തുക കൈപ്പറ്റിയതിനു ശേഷം ചിറ്റാളന് അപ്രതീക്ഷിത മരണം സംഭവിക്കുകയാണെങ്കിൽ പത്തു ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത കെ.എസ്.എഫ്.ഇ വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ